കണ്ണൂർ സർവ്വകലാശാല

ഡി എസ് എസ്

നമ്പർ. ഡി എസ് എസ്/A4/205/2025 തീയതി: 16.08.2025

**സർക്കുലർ**

വിഷയം:- കണ്ണൂർ യൂണിവേഴ്സിറ്റി കോളേജ്/ക്യാമ്പസ് യൂണിയൻ തെരെഞ്ഞെടുപ്പ് 2025-26

സൂചന :- Notification, DSS/A4/205/2025 തീയ്യതി.13.08.205

**കണ്ണൂർ യൂണിവേഴ്സിറ്റി കോളേജ്/ക്യാമ്പസ് യൂണിയൻ തെരെഞ്ഞെടുപ്പ് 2025-26**

**മാർഗ്ഗനിർദ്ദേശങ്ങൾ**

i) ലിങ്ദോ കമ്മിറ്റി ശിപാർശയിലുള്ള മുഴുവൻ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുക.

ii) 2025 -26 വർഷത്തെ കോളേജ്/യൂണിവേഴ്സിറ്റി ക്യാമ്പസ് വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് ഇലക്ടറൽ റോളിൽ രേഖപ്പെടുത്തിയ പ്രകാരം തന്നെ മത്സരാർത്ഥി നാമനിർദ്ദേശ പത്രികയിലും പേര് രേഖപ്പെടുത്തേണ്ടതാണ്.

iii) 2025-26 വർഷത്തെ കോളേജ്/യൂണിവേഴ്സിറ്റി ക്യാമ്പസ് വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോളേജ്/ക്യാമ്പസ് തലത്തിൽ പ്രിൻസിപ്പൽ/ ക്യാമ്പസ് ഡയറക്ടർ അധ്യക്ഷനായുള്ള ലിങ്ദോ കമ്മിറ്റി ശിപാർശ പ്രകാരമുള്ള 'ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി ' രൂപീകരിക്കേണ്ടതും തെരെഞ്ഞെടുപ്പ് സംബന്ധമായ പ്രശ്നങ്ങൾ അവിടെ തന്നെ പരിഹരിക്കേണ്ടതുമാണ്. കണ്ണൂർ സർവകലാശാല അഫിലിയേറ്റഡ് കോളേജ്/ക്യാമ്പസ് യൂണിയൻ തെരെഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അടിസ്ഥാന 'ബൈലോ', Lyngdoh Committee Recommendations, Annexure-A, Clauses 6.8.4,6.8.5 പ്രകാരം, കോളേജ്/ക്യാമ്പസ് യൂണിയൻ തെരെഞ്ഞെടുപ്പ് ഫലപ്രഖ്യാപനം നടന്ന് 3 ആഴ്ച്ചക്കുള്ളിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കേണ്ടതാണ്, ശേഷം ലഭിക്കുന്ന പരാതികൾ യൂണിവേഴ്സിറ്റിയിലെ ഇലെക്ഷൻ ഗ്രിവൻസ് റിഡ്രസ്സൽ സെല്ല് പരിഗണിക്കുന്നതല്ല. ഈ കാര്യം വിദ്യാർത്ഥികളെ തെരെഞ്ഞെടുപ്പ് സമയത്ത് ബോധ്യപെടുത്തെണ്ടതാണ്. ബോധ്യപെടുത്തിയെന്നുള്ള സത്യവാങ്മൂലം ഇലെക്ഷൻ രേഖകൾ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കുമ്പോൾ ഉൾപെടുത്തേണ്ടതാണ്.

iv) കോളേജ്/ക്യാമ്പസ് തലത്തിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽ/ക്യാമ്പസ് ഡയറക്ടർ സർവകലാശാല വിദ്യാർത്ഥി ക്ഷേമവിഭാഗം ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

v)മത്സരാർത്ഥിയുടെ മറ്റ് യോഗ്യതകൾ നിർണയിക്കുന്നത് തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന്റെ തീയതിക്കും സമയത്തിനും അനുസൃതമായിരിക്കും.

vi) 2025 -26 വർഷത്തെ കോളേജ്/യൂണിവേഴ്സിറ്റി ക്യാമ്പസ് വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിൽ മത്സരാർത്ഥിയുടെ പ്രായം നിർണയിക്കുന്നത് മത്സരാർഥിയുടെ SSLC സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

vii) തെരഞ്ഞെടുപ്പ് പ്രചരണവുമായി ബന്ധപ്പെട്ട് കർശനമായ ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതാണ്.

vii) ഫലപ്രഖ്യാപനം കഴിഞ്ഞ് രണ്ടാഴ്ചക്കകം നിശ്ചിത പ്രൊഫോർമയിൽ തെരഞ്ഞെടുപ്പ് ഫലവും ബന്ധപ്പെട്ട രേഖകളും ഡി.എസ്.എസ് വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വീഴ്ച്ച വരുത്തുന്ന കോളേജുകൾക്കെതിരെ കർശന നടപടികൾ കൈകൊള്ളുന്നതാണ്.

viii) പ്രാദേശിക അവധികൾ, പ്രാദേശികമായ മറ്റ് പ്രശ്നങ്ങൾ എന്നിവ മൂലം തെരഞ്ഞെടുപ്പ് ഷെഡ്യൂളിൽ മാറ്റം വരുത്തുന്ന പക്ഷം മുൻകൂറായി വിദ്യാർത്ഥിക്ഷേമ വിഭാഗത്തിൽ രേഖമൂലം അറിയിക്കേണ്ടതാണ്.

KANNUR UNIVERSITY
CIVIL STATION P.O.
KANNUR
Pin-670 002
THAVAKKARA

ഡോ. സുജിത്ത് കെ വി
വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടർ